3476
26/3/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് കൗൺസിലിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനു വേണ്ടിയുള്ള കൗൺസിലേഴ്സിന്റെ നിയമനം സംബന്ധിച്ച മാർഗ്ഗരേഖ ഭേദഗതി ചെയ്ത് ഉത്തരവു പുറപ്പെടുവിക്കുന്നു.

==========================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(എം.എസ്.) നം.20/2015/സാനീവ തിരുവനന്തപുരം, തീയതി: 24.03.2015

==========================================================================

പരാമർശം : 1. 26.10.2013 ലെ സ.ഉ.(എം.എസ്.)നം.88/2013/സാനീവ ഉത്തരവ്
2. ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 23.09.2013 ലെ ഒസിബി2/3075/12 നം. കത്ത്

## ഉത്തരവ്

ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് കൗൺസിലിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുവേണ്ടിയുള്ള കൗൺസിലേഴ്സിന്റെ നിയമനം സംബന്ധിച്ച മാർഗ്ഗരേഖ പരാമർശം (1) ലെ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഹോണറേറിയം കുറവായതുകൊണ്ട് തെരഞ്ഞെടുക്കപ്പെട്ടവർ ഒഴിഞ്ഞ് പോകുകയാണെന്നും പല ജില്ലകളിലും ചുരുങ്ങിയ ഹോണറേറിയത്തിന് കൗൺസിലർമാരെ ലഭിക്കാതെ വന്നിരിക്കുകയാണെന്നും അതിനാൽ ഹോണറേറിയം 8000/- രൂപയിൽ നിന്നും 12000/- രൂപ ആക്കി വർദ്ധിപ്പിക്കുവാനും, കുറഞ്ഞ പ്രായം 25 വയസ്സായി നിജപ്പെടുത്തുവാനും, ഹോണറേറിയം ചെക്കായി നേരിട്ട് കൗൺസിലർമാർക്ക് നൽകണമെന്നത്, ചെക്കായി ജില്ലാ സാമൂഹ്യ നീതി വകുപ്പിന് നൽകേണ്ടതും ജില്ലാ സാമൂഹ്യ നീതി വകുപ്പ് ഓഫീസർ തുക ബന്ധപ്പെട്ട കൗൺസിലർമാർക്ക് നൽകണമെന്നും ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കണമെന്നും, നിയമന കാലാവധി ഒരു വർഷം ആയിരിക്കുന്നതാണ് എന്ന കൂട്ടിചേർക്കലും നടത്തി പരാമർശിത ഉത്തരവ് ഭേദഗതി ചെയ്യണമെന്നും, രണ്ടാം പരാമർശത്തിലെ കത്ത് പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശ സർക്കാർ ഉത്തരവിലെ കൗൺസിലേഴ്സിന്റെ നിയമനം സംബന്ധിച്ച് മാർഗ്ഗരേഖയിലെ 4 (a) 4 (d), 4(i) ഇവയിൽ ഭേദഗതിവരുത്തിയും 4 (c) യിൽ കൂട്ടിച്ചേർക്കൽ വരുത്തിയും താഴെപ്പറയും പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4 നിയമനം

(a) പ്രായം :

25 വയസ്സിനുമേൽ പ്രായമുള്ളവരായിരിക്കണം.

(d) ഹോണറേറിയം :

പ്രതിമാസം 12000/- രൂപ ഹോണറേറിയവും 2000/- രൂപ TA/DA യും ഉൾപ്പെടെ 14000/- രൂപ അനുവദിക്കാവുന്നതാണ്.

(i) ധനവിനിയോഗം :

ഇതിലേയ്ക്കാവശ്യമായ തുക 2235-02-104-89 (NP) എന്ന അനാഥാലയ നിയന്ത്രണ ബോർഡിന്റെ ശീർഷകത്തിൽ നിന്ന് മാറി ചെയർമാന്റെയും മെമ്പർ സെക്രട്ടറിയുടെയും നിലവിലുള്ള ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുന്ന തുകയിൽ നിന്ന് ചെക്കായി ജില്ലാ സാമൂഹ്യ നീതി വകുപ്പ് ഓഫീസർമാർക്ക് നൽകേണ്ടതും ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർ പ്രസ്തുത തുക ബന്ധപ്പെട്ട കൗൺസിലർമാർക്ക് മാറി നൽകേണ്ടതുമാകുന്നു.

4 (c ) ൽ നിയമന കാലാവധി സംബന്ധിച്ച് താഴെപ്പറയും പ്രകാരം കൂട്ടി ചേർക്കുന്നു.

"കൗൺസിലേഴ്സിന്റെ ആദ്യ നിയമനത്തിന്റെ കാലാവധി ഒരു വർഷം ആയിരിക്കുന്നതാണ്. തുടർന്ന് പെർഫോമൻസ് വിലയിരുത്തി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അധ്യക്ഷനായ ജില്ലാ കളക്ടറുടെ അനുമതിയോടെ കാലാവധി 1 വർഷത്തിൽ കുറയാതെ കാലയളവിലേക്ക് നീട്ടി നൽകാവുന്നതാണ്".

മേൽപ്പറഞ്ഞ മാറ്റങ്ങൾക്ക് വിധേയമായി പരാമർശ ഉത്തരവ് നിലനിൽക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
കെ.എം.ലീലാമണി
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, ഓർഫനേജ് കൺട്രോൾ ബോർഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (20.2.2015 ലെ7229/ഡബ്ല്യുഡബ്ല്യു1/15/ധന നമ്പർ പ്രകാരം)
വെബ് & ന്യൂമീഡിയ വിഭാഗം, ഐ&പി.ആർ.ഡി (വെബ് സൈറ്റിൽ
(പ്രസിദ്ധീകരണത്തിനായി)
കരുതൽ ശേഖരം, ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ